മത്സ്യഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടി

11 (*777) ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നടപടികളെടുക്കുവാൻ ഉദ്ദേശിക്കുന്നു ;

(ബി) മത്സ്യഫെഡിന്റെ പ്രവർത്തനത്തിൽ വൈവിദ്ധ്യവൽക്കരണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ വിശദാംശം നല്കുമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) മത്സ്യഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. ഈ സാമ്പത്തിക വർഷം മുതൽ വ്യക്തമായ വ്യാപാര പദ്ധതിയോടു കൂടിയുള്ള ബഡ്ജറ്റ് തയ്യാറാക്കി അംഗീകരിച്ച് അതിനനുസരിച്ച് വരവു ചെലവുകൾ കൃത്യമായി അവലോകനം ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നു.

2. ഔട്ട് ബോർഡ് എൻജിന്റെ ഇറക്കുമതി ജപ്പാൻ കമ്പനികളുമായി നേരിട്ട് സുതാര്യമായി നിർവഹിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

3. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനാവശ്യമായ വലകൾ മറ്റനുബന്ധ സാമഗ്രികൾ എന്നിവ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

4. വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിന് ഓരോ സംഘങ്ങളുടെ പ്രവർത്തനം മാനദണ്ഡങ്ങൾക്ക് വിധേയമായി വിലയിരുത്തി വരുന്നു.

(ബി) ഉണ്ട്.

(സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[31-7-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 5(771) കാണുക]

ജലമേഖലയിൽ സംസ്ഥാനത്തിന്റെ പത്താം പദ്ധതി ലക്ഷ്യം വച്ചിട്ടുള്ള പരിഷ്ക്കാരങ്ങൾ

1. അഞ്ചാം പഞ്ചവത്സര പദ്ധതിയിൽ ആരംഭിക്കുകയും അധികമായി വിനിയോഗിക്കുകയും ചെയ്ത നിർമ്മാണത്തിലിരിക്കുന്ന വൻകിടജലസേചന പദ്ധതികൾ പൂർത്തീകരിക്കുക.

2. നിർമ്മാണത്തിലിരിക്കുന്ന ഇടത്തരം പദ്ധതികൾ ഈ പ്ലാൻ പിരീഡിൽ തന്നെ പൂർത്തീകരിക്കുക.

3. സംസ്ഥാനത്ത് രൂക്ഷമായ ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ ജലസേചന സൗകര്യം ലഭ്യമാക്കുക.

4. അഞ്ചാം പഞ്ചവത്സര പദ്ധതിക്ക് മുമ്പായി തുടങ്ങിയതും 2002 മാർച്ചിൽ 'വൈൻഡ് അപ്' ചെയ്തതായി കണക്കാക്കിയിട്ടുള്ളതുമായ പദ്ധതികൾ 2003-04 സാമ്പത്തിക വർഷത്തിലെ 'വൈൻഡിംഗ് അപ്പ് ഓഫ് പ്രോജക്ട്' പദ്ധതി വിഹിതം ഉപയോഗിച്ച് പണി പൂർത്തീകരിക്കുക.

5. സംസ്ഥാനത്തെ പത്താം പദ്ധതി ലക്ഷ്യംവെച്ച് ചെറുകിട ജലസേചന മേഖലയിലും വെള്ളപ്പൊക്കനിവാരണ മേഖലയിലും കടലാക്രമണനിരോധന മേഖലയിലും ഉൾനാടൻ ജലഗതാഗത മേഖലയിലും മറ്റു പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

അനുബന്ധം II

[31-7-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 11 (777) കാണുക]

മത്സ്യഫെഡ് നിലവിലുള്ള വിവിധ പദ്ധതികളുടെ നിർവ്വഹണം ഊർജ്ജിതപ്പെടുത്തുന്നതും കൂടാതെ താഴെ പറയുന്ന പുതിയ പരിപാടികൾക്കുടി ഉടൻതന്നെ ഏറ്റെടുത്തു നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

1. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനുള്ള മണ്ണെണ്ണ ന്യായമായ വിലയ്ക്ക് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾവഴി വിതരണം ചെയ്യുന്നതിനായി കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ മിനറൽസ് ആന്റ് മെറ്റൽസ് ട്രേഡിംഗ് കോർപ്പറേഷൻ വഴി മണ്ണെണ്ണ ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

2. ദീർഘകാലമായി പ്രവർത്തനരഹിതമായി കിടന്ന ഗവൺമെന്റ് ഐസ് പ്ലാന്റുകളുടെ പുനരുദ്ധാരണം മത്സ്യഫെഡ് നിർവ്വഹിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഐസ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

താഴെപറയുന്ന സ്ഥലങ്ങളിലെ ഐസ് പ്ലാന്റുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട് :

മലപ്പുറം ജില്ലയിലെ താനൂർ

കണ്ണൂർ ജില്ലയിലെ തലായി

കാസർഗോഡ് ജില്ലയിലെ കസബ

മത്സ്യത്തൊഴിലാളി മേഖലയിലുണ്ടാകുന്ന ഐസിന്റെ ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കുവാൻ ഈ പദ്ധതിമൂലം സാധിക്കും.

3. പുതിയതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന എൻ.സി.ഡി.സി. പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളി മേഖലയിൽ പ്രാദേശിക പ്രാധാന്യമുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വിവിധ സാമൂഹിക പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

4. മത്സ്യമേഖലയിൽ ഏതാണ്ട് 2500 പേർക്ക് പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന മൂല്യവർദ്ധിത മത്സ്യ വിഭവങ്ങളുടെ നിർമ്മാണവും വിപണനവുമായി ബന്ധപ്പെട്ട സുവർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന പദ്ധതിയിൽ 15 കോടി രൂപയുടെ അടങ്കൽ തുകയോടുകൂടിയ പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചുകഴിഞ്ഞു.

അനുബന്ധം III

[31-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 9 (4617) കാണുക]

നമ്പർ	കമ്പനിയുടെ പേര്	ഇനം	ഒരെണ്ണത്തിന്റെ വില	ഓർഡർ കൊടുത്ത എണ്ണം
(1)	(2)	(3)	(4)	(5)
1.	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, കൊല്ലം	സിംഗിൾ ഫേയ്സ്-മെക്കാനിക്കൽ മീറ്റർ	520.00	5,25,000
		സിംഗിൾ ഫേയ്സ്-ഇലക്ട്രോണിക് മീറ്റർ	914.00	20,000
			901.76	1,20,000
			355.38	80,000
			342.41	80,000
			348.28	80,000

LIBRARY ARCHIVES Kerala Legislative Assembly